(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 10.08-ന് നിർത്തിവച്ച സഭ 10.35-ന് പുനരാരംഭിച്ചു.)

മി. സ്പീക്കർ: ഓർഡർ......ഓർഡർ.......ശ്രദ്ധക്ഷണിക്കലിന്റെയും സബ്മിഷന്റെയും ഉത്തരങ്ങൾ മേശപ്പുറത്തുവച്ചാൽ മതിയാകും.+

ഇന്നുണ്ടായ സംഭവം അങ്ങേയറ്റം നിർഭാഗ്യകരമാണ് സ്പീക്കറുടെ ഡയസിലേക്ക് ഇരച്ചുകയറിയ രീതി ജനാധിപത്യത്തിന് ചേർന്നതല്ല. ജനാധിപത്യത്തെക്കുറിച്ച് വലിയ പ്രസംഗങ്ങൾ നടത്തുന്ന പ്രതിപക്ഷം മര്യാദ പാലിക്കേണ്ടതാണ്. .....(ബഹളം).... വാച്ച് ആൻഡ് വാർഡ് ഒന്നും ചെയ്തിട്ടില്ല. .....(ബഹളം).... വാച്ച് ആൻഡ് വാർഡിന് ഡയറക്ഷൻ നൽകാൻ സ്പീക്കർക്ക് സാധിക്കുമായിരുന്നു. .....(ബഹളം).... പക്ഷേ അവർ അംഗങ്ങൾക്കെതിരെ ഒന്നും ചെയ്തിട്ടില്ല. ....(ബഹളം)....പ്ലീസ്...... പ്രതിപക്ഷാംഗങ്ങളോട് എല്ലാവരോടും അവരവരുടെ സീറ്റുകളിൽ ഇരിക്കാൻ പ്രതിപക്ഷനേതാവ് പറയൂ...... അവിടെ ഇരിക്കാൻ പറയൂ....... പ്ലീസ്.....പ്ലീസ്......

---

+ അനുബന്ധമായി ചേർക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പ്രതിപക്ഷ അംഗങ്ങൾ സീറ്റുകളിലില്ലെങ്കിൽ പ്രതിപക്ഷനേതാവിന് മൈക്ക് നൽകില്ലെന്ന് അങ്ങ് എല്ലാ ദിവസവും ആവർത്തിച്ച് പറയുന്നുണ്ട്. ഭരണകക്ഷി അംഗങ്ങൾ മുഴുവനും ഇവിടെ നിൽക്കുമ്പോൾ എല്ലാ മന്ത്രിമാർക്കും അങ്ങ് മൈക്ക് നൽകി. ഇത് അനീതിയാണ്. അതിൽ നീതിബോധമില്ല.

മി. സ്പീക്കർ: ഭരണപക്ഷത്തെ അംഗങ്ങൾ ഇരുന്നപ്പോൾ മാത്രമെ ബഹുമാനപ്പെട്ട മന്ത്രിക്ക് സംസാരിക്കാൻ അവസരം നൽകിയിട്ടുള്ളൂ. ജനങ്ങളെ ബാധിക്കുന്ന വിഷയമാണ് ചോദ്യോത്തരവേള. സ്വാഭാവികമായും അത്തരം വിഷയങ്ങൾ ചർച്ചചെയ്യുന്നതിനായി അവസരം നൽകേണ്ടിവരും. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് എല്ലാരീതിയിലുമുള്ള ബഹുമാനം പാലിച്ചുകൊണ്ടാണ് സംസാരിക്കുന്നത്. അങ്ങ് അങ്ങയുടെ ടീമിനെ ഓർഡറാക്കണം. പ്ലീസ്....പ്ലീസ്...റിക്വസ്റ്റാണ് പ്ലീസ്.....

ശ്രീ. വി. ഡി. സതീശൻ: സർ, ഭരണകക്ഷി അംഗങ്ങൾ ഇവിടെ നിൽക്കുമ്പോൾ മന്ത്രിമാർക്ക് അങ്ങ് മൈക്ക് നൽകി. രണ്ട് നീതി പാടില്ലായെന്ന് അങ്ങയെ ഞാൻ ഓർമ്മിപ്പിച്ചതാണ്. ഞങ്ങൾ സമരം

നടത്തുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇക്കാര്യങ്ങൾ കോടതി വളരെ വ്യക്തമായിത്തന്നെ പറഞ്ഞിട്ടുണ്ട്. കുറ്റപത്രം നൽകാത്തതിനാലാണ് പ്രതികൾക്ക് സ്വാഭാവിക ജാമ്യം ലഭിക്കുന്നതെന്നും ഇത് പൊതുജനങ്ങളിൽ സംശയമുണ്ടാക്കുന്നതാണെന്നും തൊണ്ടിമുതൽ കണ്ടെടുക്കാത്തതും ശാസ്ത്രീയ പരിശോധനാഫലങ്ങൾ വൈകുന്നതും കുറ്റപത്രം സമർപ്പിക്കുന്നതിന് തടസ്സമാകുന്നുവെന്നും കോടതി കൃത്യമായി പറഞ്ഞിട്ടുണ്ട്. ഈ കേസിന് വലിയ കാലതാമസം വന്നിട്ടുണ്ടെന്ന് പല പ്രാവശ്യം കോടതി പറഞ്ഞിട്ടുണ്ട്. ‘ It is interesting to note that, this court found laxity in the investigation during the period between 5-12-2025 and 19-12-2025 and the same was pointed out in the earlier bail order also’ . കേസ് അന്വേഷണത്തിൽ എസ്.ഐ.റ്റി. laxity വരുത്തിയിട്ടുണ്ടെന്ന് കോടതി റിക്കോർഡ് ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ഓഫീസിലെ സമ്മർദംകൊണ്ടാണ് നിർദിഷ്ട അന്വേഷണം തടസ്സപ്പെടുന്നതാണ് ഞങ്ങളുടെ ആരോപണം. എല്ലാ പ്രതികൾക്കും ജാമ്യം ലഭിച്ച് പുറത്തിറങ്ങുന്ന സാഹചര്യമുണ്ടാക്കുകയാണ്. ജാമ്യം ലഭിച്ചാൽ ഉള്ള

തെളിവുകൾകൂടി നശിപ്പിക്കുന്ന സ്ഥിതിയാണ്. ഇപ്രകാരം ശബരിമലയിൽ സ്വർണ്ണക്കൊള്ള നടത്തിയ പ്രതികൾ മുഴുവനും രക്ഷപ്പെടുന്ന അവസ്ഥയിലേക്ക് പോകുന്നതിനെതിരെയാണ് ഞങ്ങൾ ശക്തമായി പ്രതികരിക്കുന്നതും ഇവിടെ ചൂണ്ടിക്കാണിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതും. ഡയസിൽ കയറിയത് സംബന്ധിച്ച് ഇവിടെ പറഞ്ഞു. ഒരു കാലവത്തുമുണ്ടാവാത്ത തരത്തിൽ വാച്ച് ആൻഡ് വാർഡ് അവരുടെ ബാനർ പിടിച്ച് മാറ്റിയതിൽ പ്രതിഷേധിച്ചാണ് ഡയസിലേക്ക് കയറിയത്. ഞങ്ങൾ ജനാധിപത്യ രീതിയിൽത്തന്നെയാണ് ശക്തമായി പ്രതിഷേധിച്ചത്. ഞങ്ങളെ പ്രകോപിപ്പിച്ചത് വാച്ച് ആൻഡ് വാർഡാണ്. ജനാധിപത്യ രീതിയിൽ വെല്ലിൽ ഇറങ്ങി പ്രതിഷേധിക്കാത്ത ഏത് പ്രതിപക്ഷമാണ് കേരളത്തിന്റെ നിയമസഭാ ചരിത്രത്തിലുള്ളത്? എല്ലാ പ്രതിപക്ഷവും വെല്ലിൽ ഇറങ്ങി പ്രതിഷേധിച്ചിട്ടുണ്ട്. വെല്ലിൽ ഇറങ്ങി പ്രതിഷേധിച്ച പ്രതിപക്ഷത്തിന്റെ ബാനർ പിടിച്ച് വാങ്ങി ഞങ്ങളെ പ്രകോപിപ്പിച്ച് അക്രമമുണ്ടാക്കാനാണ് ശ്രമിച്ചത്. ഞങ്ങൾ ഒരു അക്രമവും ഉണ്ടാക്കിയിട്ടില്ല. ഞങ്ങൾ ജനാധിപത്യ രീതിയിൽത്തന്നെയാണ് സമരം നടത്തിയത്. ഇത് കേരളത്തിലെ ജനങ്ങൾ ഞെട്ടലോടെ നോക്കിക്കാണുന്ന വളരെ ഗുരുതരമായ

സംഭവമാണ്. അതിന് ഗവൺമെന്റിന് പങ്കുണ്ട്. അതിൽ ഞങ്ങൾ ശക്തിയായി പ്രതിഷേധിക്കുന്നു. നിയമസഭാ നടപടികളുമായി ഞങ്ങൾക്ക് സഹകരിക്കാൻ ബുദ്ധിമുട്ടുണ്ട്. ഞങ്ങൾ പൂർണ്ണമായി നിയമസഭാ നടപടികൾ പൂർണ്ണമായി ബഹിഷ്കരിക്കുന്നു.

മി. സ്പീക്കർ: ജനാധിപത്യ അവകാശം പ്രതിപക്ഷ നേതാവിനും അംഗങ്ങൾക്കും മാത്രമല്ല, സ്പീക്കർക്കുമുണ്ട്. നിങ്ങൾ ചെയ്തത് ഫെയർ ആണോയെന്ന് നിങ്ങൾ തന്നെ ചിന്തിക്കേണ്ടതാണ്. സ്പീക്കറുടെ മുഖം മറച്ച്, അന്ധനെപ്പോലെയാക്കി ഈ രീതിയിൽ ജനാധിപത്യം കൈകാര്യം ചെയ്യുന്നത് ശരിയാണോ? അത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പരിശോധിക്കേണ്ട കാര്യമാണ്. ഇവിടെ ജനാധിപത്യ അവകാശം പ്രതിപക്ഷാംഗങ്ങൾക്ക് മാത്രമുള്ളതല്ല, സ്പീക്കർക്കുമുള്ളതാണ്. സ്പീക്കറുടെ മുഖം പൂർണ്ണമായും മറച്ച് ആളുകളെ കാണാൻ കഴിയാത്ത രീതിയിൽ കൈകാര്യം ചെയ്തരീതി ശരിയായില്ല; അത് purely unfair ആണ്.

ശ്രീ. വി. ഡി. സതീശൻ: സർ, നിയമസഭയിൽ പ്രതിപക്ഷം ബാനർ പിടിക്കുന്നത് ആദ്യമായല്ല. എല്ലാ പ്രതിപക്ഷവും ബാനർ പിടിച്ചിട്ടുണ്ട്. സാധാരണനിലയിൽ സഭയിൽ ഇത്തരത്തിലുള്ള സംഘർഷമുണ്ടാകുമ്പോൾ

അങ്ങ് പ്രീസിഡൻസ് നോക്കണം. ഇതിനുമുമ്പ് ഈ ചെയറിൽ ഇരുന്ന എല്ലാ സ്പീക്കർമാരും സഭാ നടപടികൾ നിർത്തിവച്ച് ഇരുപക്ഷത്തുമുള്ള അംഗങ്ങളുമായി സംസാരിക്കാറുണ്ട്. അങ്ങ് ഞങ്ങളുടെ സമരത്തിനെ വെല്ലുവിളിക്കുകയല്ലാതെ ഇതുവരെ അപ്രകാരം ചെയ്തിട്ടില്ല. സഭാ നടപടികൾ നിർത്തിവയ്ക്കുമ്പോൾ എല്ലാ സ്പീക്കർമാരും ബഹുമാനപ്പെട്ട സ്പീക്കറുടെ ചേമ്പറിൽ നേതാക്കന്മാരെ വിളിക്കാറുണ്ട്. ആ പ്രീസിഡൻസ് എവിടെപ്പോയി?

മി. സ്പീക്കർ: അതിനുമാത്രം സംഘർഷങ്ങളൊന്നും ഇവിടെയുണ്ടായിട്ടില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ആ പ്രീസിഡൻസ് എവിടെപ്പോയി; ഞങ്ങൾ ഈ സഭാനടപടികൾ ബഹിഷ്കരിക്കുന്നു.....(ബഹളം).....

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,.....

മി. സ്പീക്കർ: നിങ്ങൾ ഉന്നയിക്കുന്ന കാര്യംമാത്രം കേട്ടാൽ മതിയോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്ന കാര്യങ്ങൾകൂടി കേൾക്കേണ്ടേ?

(ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയെയും നിഗമനങ്ങളെയും പരാമർശങ്ങളെയും കുറിച്ച് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി കൃത്യമായി പറഞ്ഞത് പ്രതിപക്ഷ നേതാവ് കേട്ടഭാവം നടിക്കുകയോ അതിനെക്കുറിച്ച് ഒരക്ഷരം പ്രതികരിക്കുകയോ ചെയ്തില്ല. ഈ കേസുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത് ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചാണ്. ആ ഡിവിഷൻ ബെഞ്ചിന്റെ നേതൃത്വത്തിലാണ് SIT-യുടെ പ്രവർത്തനങ്ങൾ നടക്കുന്നത്. ഡിവിഷൻ ബെഞ്ച് ഓരോ ഘട്ടത്തിലും നിർദേശങ്ങളും വിലയിരുത്തലും പരിശോധനയുമെല്ലാം കൃത്യമായി നടത്തിവരുന്നുണ്ട്. പ്രസ്തുത ഡിവിഷൻ ബെഞ്ച് രേഖപ്പെടുത്തിയ അഭിപ്രായങ്ങളാണ് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി വിശദീകരിച്ചത്. യഥാർഥത്തിൽ അത് പ്രതിപക്ഷത്തിന്റെ മുഖത്തേറ്റ അടിയാണ്. പ്രതിപക്ഷ നേതാവ് ഈ അന്വേഷണവുമായി ബന്ധപ്പെട്ട് SIT-ക്കെതിരെ ഏതെല്ലാം തരത്തിലുള്ള ആരോപണങ്ങൾ ഉന്നയിച്ചിട്ടുണ്ടോ അതിനെല്ലാം കൃത്യമായ മറുപടി ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വ്യക്തമാക്കിയിട്ടുണ്ട്.

ജാമ്യാപേക്ഷ നൽകുന്നത് ഹൈക്കോടതിയുടെ ഒരു സിങ്കിൾ ബെഞ്ചിന്റെ മുന്നിലാണ്. ജാമ്യാപേക്ഷ പരിശോധിക്കുമ്പോൾ ബഹുമാനപ്പെട്ട ജഡ്ജിമാർ അവരുടേതായ ചില അഭിപ്രായങ്ങൾ അതിൽ രേഖപ്പെടുത്തിയെന്ന് വരാം. അതിനാലാണ് പ്രതിപക്ഷത്തിന്റെ പരാമർശം ഗവൺമെന്റിനെതിരെയല്ലെന്നും ഹൈക്കോടതിക്ക് എതിരായുള്ളതാണെന്നും നേരത്തെ ഞാൻ സൂചിപ്പിച്ചത്. അന്വേഷണ ഏജൻസികൾക്ക് നിർദേശങ്ങൾ നൽകുന്നതും അവയുടെ പ്രവർത്തനം പരിശോധിക്കുന്നതും ഹൈക്കോടതി ഡിവിഷൻ ബെഞ്ചാണ്. ഇക്കാര്യം അറിയാത്ത ആളായിരിക്കില്ല ബഹുമാന്യനായ സിംഗിൾ ബെഞ്ച്. ഒരുപക്ഷെ വാദം കേൾക്കുമ്പോൾ അദ്ദേഹത്തിന്റെ പ്രതികരണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടാകും. അത് അന്വേഷണവുമായി ബന്ധപ്പെട്ട നിഗമനമാണെന്ന് കരുതാൻ കഴിയില്ല; ഹൈക്കോടതി ഡിവിഷൻ ബെഞ്ചാണ് അന്വേഷണവുമായി ബന്ധപ്പെട്ട നിഗമനം നൽകേണ്ടത്. കേസന്വേഷണത്തിൽ ഡിവിഷൻ ബെഞ്ച് പൂർണ്ണ സംതൃപ്തി രേഖപ്പെടുത്തിയിരുന്നതിനാൽ ഹൈക്കോടതി പറഞ്ഞുവെന്ന കാര്യം വസ്തുതകൾക്ക് നിരക്കാത്തതാണ്. ഹൈക്കോടതി പറഞ്ഞുവെന്ന്

വേണമെങ്കിൽ പറയാം; പക്ഷേ സിംഗിൾ ബെഞ്ച് ഇപ്രകാരം സാന്ദർഭികമായി പരാമർശം നടത്തിയതാണ്. അന്വേഷണവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും ഹൈക്കോടതി ഡിവിഷൻ ബെഞ്ച് പൂർണ്ണ സംതൃപ്തിയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. SIT-യുടെ ഓരോ നടപടിയും ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ നിർദേശങ്ങൾക്കനുസൃതമായാണ് സ്വീകരിച്ചുവരുന്നത്.

ഇന്നിവിടെ ഉണ്ടായത് നിർഭാഗ്യകരമായ ഒരു സംഭവമാണ്. അക്കാര്യം അങ്ങ് പരാമർശിച്ചപ്പോൾ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടില്ലെന്ന് തോന്നുന്നു. ബാനർ പിടിച്ചിരുന്നതിന്റെ അങ്ങേ ഭാഗത്ത് ഇരിക്കുന്നയാൾ ബാനറിന്റെ അറ്റത്തുള്ള വടി ഉപയോഗിച്ച് വാച്ച് ആൻഡ് വാർഡിനെ തല്ലുകയായിരുന്നു. വാച്ച് ആൻഡ് വാർഡിനുനേരെ വടി ഉപയോഗിച്ച് തല്ലുന്ന ഘട്ടത്തിലാണ് അതിനെ തടുക്കാനും പിടിച്ചുമാറ്റാനും നോക്കിയത്. ആയത് ഞങ്ങളെല്ലാം ഇവിടെ കണ്ടുകൊണ്ട് ഇരിക്കുകയായിരുന്നു. സഭയ്ക്കകത്ത് ഒരു കാലത്തുമുണ്ടാവാത്ത കാര്യങ്ങളാണ് സംഭവിച്ചിട്ടുള്ളത്. അതിന് നാമെല്ലാം ഇവിടെ സാക്ഷ്യം വഹിച്ചതാണ്... പ്രകോപനപരമായ ഒരു അന്തരീക്ഷവുമില്ലാത്ത സന്ദർഭത്തിലാണ് ഇത്തരത്തിൽ

പ്രകോപനമുണ്ടാക്കാൻ പ്രതിപക്ഷം ശ്രമിച്ചത്. അക്കാര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് അങ്ങ് സഭ നിർത്തിവച്ച് തൽക്കാലം പിരിയുന്ന നിലയുണ്ടായത്. തുടർന്നും ഇതേ നില ആവർത്തിക്കുന്നത് ബോധപൂർവം കുഴപ്പം സൃഷ്ടിക്കാൻ വേണ്ടിയാണ്. നാട്ടിലും കോടതിയുടെ മുന്നിലും ചെലവാകാത്ത കാര്യത്തിന് കോടതിയിൽനിന്നും ശക്തമായ തിരിച്ചടിയുണ്ടായപ്പോൾ സഭയിൽവന്ന് ബഹളം വച്ച് കാര്യങ്ങൾ നേടാനാണ് പ്രതിപക്ഷം ശ്രമിച്ചത്. ഇവിടെ ഈ നടന്ന അക്രമത്തെ ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പൂർണ്ണമായും ന്യായീകരിച്ചുവെന്നതാണ് നാം കാണേണ്ടത്.

വാച്ച് ആൻഡ് വാർഡ് സഭയിൽ ഇല്ലാതിരുന്നപ്പോൾ ബഹുമാന്യനായ ഒരംഗം അങ്ങയുടെ ഡയസിന്റെ മുൻഭാഗത്തുകൂടി ചാടിക്കയറുകയും അവിടെനി**ന്ന്** മുദ്രാവാക്യം വിളിക്കുകയുമാണ് ചെയ്തത്. അതിനുപിന്നാലെ 'ഞാനും കൂടി കയറട്ടെ' എന്ന മട്ടിൽ നിയമവിദഗ്ധൻ എന്ന് പറയപ്പെടുന്ന മറ്റൊരംഗവും 'നിയമപരമായിത്തന്നെ' ചാടുകയാണ്, അദ്ദേഹവും അവിടെ കയറി പ്രതിഷേധിക്കുകയാണ്. ഇത്തരത്തിൽ നിയമസഭയിൽ അരുതാത്ത പ്രകടനങ്ങൾ നടത്തുന്നത് അപലപനീയമാണ്. ഇത്തരം നടപടികൾ

പ്രതിപക്ഷം സ്വീകരിക്കുന്നതിനെ ഈ സഭ തീർത്തും അപലപിക്കേണ്ടതാണ്.

മി. സ്പീക്കർ: വളരെ സമാധാനപരമായാണ് ഇന്ന് സഭ ചേർന്നത്. ചില പ്രതിപക്ഷാംഗങ്ങളുടെ ഭാഗത്തുനിന്നുതന്നെയാണ് പ്രകോപനമുണ്ടായത്. പ്രശ്നങ്ങൾ പരമാവധി ഒഴിവാക്കാനായി സഭ ആദ്യം നിർത്തിവച്ചതിനുശേഷം രണ്ടാമത് ചേർന്നപ്പോഴാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരാമർശിച്ചതുപോലെ ചെയറിന്റെ മുന്നിലൂടെ അംഗങ്ങൾ ചാടിക്കയറാൻ ശ്രമിച്ചത്. ഇത്തരം രീതികൾ ആരോഗ്യകരമായ ജനാധിപത്യത്തിന് ഭൂഷണമാണോ എന്ന് പ്രതിപക്ഷമാണ് ചിന്തിക്കേണ്ടത്. ജനാധിപത്യ അവകാശം പ്രതിപക്ഷത്തിന് മാത്രമല്ല; സ്പീക്കർക്കുമുണ്ട്. സ്പീക്കറുടെ മുഖം മറച്ചും അങ്ങേയറ്റം ജനാധിപത്യവിരുദ്ധമായ മുദ്രാവാക്യങ്ങൾ വിളിച്ചുമാണ് സഭയ്ക്കകത്ത് ചില അംഗങ്ങൾ പെരുമാറിയത്. ഏറ്റവും ഉയർന്ന ജനാധിപത്യബോധമുള്ള കേരളത്തിലെ നിയമസഭയ്ക്ക് അത് ഭൂഷണമല്ലെന്ന് പറയാൻ ഈ ഘട്ടത്തിൽ ചെയർ ആഗ്രഹിക്കുകയാണ്.